LIBRARY ARCHIVES Kerala Legislative Assembly

വില്ലേജ്മാൻമാരുടെ കർത്തവ്യങ്ങൾ

89 [1825] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റവന്യൂ വകുപ്പിലെ വില്ലേജ്മാൻ തസ്തിക ക്ലാസ് 3 വിഭാഗത്തിലാണോ, ക്ലാസ് 4 വിഭാഗത്തിലാണോ ഉൾപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വില്ലേജ്മാൻമാരിൽ അർപ്പിതമായ കർത്തവ്യങ്ങൾ കൃത്യമായി നിർവ്വഹിക്കപ്പെടുന്നുണ്ടോ; എങ്കിൽ എന്തെല്ലാം കർത്തവ്യങ്ങളാണ് വില്ലേജ്മാൻമാരിൽ അർപ്പിതമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ആയതിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) 4-9-1972-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 876/72/ആർ.ഡി. പ്രകാരം വില്ലേജ്മാൻ തസ്തിക ക്ലാസ്സ് 4 വിഭാഗത്തിൽ നിന്നും വ്യത്യസ്തമായ ഒരു പ്രത്യേക കാറ്റഗറി ആക്കുകയുണ്ടായി. 3-9-1972 വരെ വില്ലേജ്മാൻ തസ്തിക ക്ലാസ്സ് 4 തസ്തികയ്ക്ക് തുല്യമായിരുന്നു.

(ബി) കേരള വില്ലേജ് മാനുവലിലെ 9-ാം ഖണ്ഡിക പ്രകാരം താഴെപ്പറയുന്നവയാണ് വില്ലേജ്മാൻമാരുടെ കർത്തവ്യങ്ങൾ.†

(1) വില്ലേജിൽ പിരിയുന്ന തുക ഖജനാവിൽ ഒടുക്കാൻ വില്ലേജ് ഓഫീസറെ സഹായിക്കുക.

(2) കുടിശ്ശികക്കാരുടെ പേരിലുള്ള ഡിമാന്റ് നോട്ടീസുകളും മറ്റ് നോട്ടീസുകളും നടത്തുക.

(3) വില്ലേജ് ആഫീസർ ചുമതലപ്പെടുത്തുന്ന മറ്റെല്ലാ സർക്കാർ ജോലികളും നിറവേറ്റുക. വില്ലേജ്മാൻമാർ തങ്ങളുടെ കർത്തവ്യങ്ങൾ കൃത്യമായി നിർവ്വഹിക്കുന്നില്ലാ എന്നത് സംബന്ധിച്ച് പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്